**നം-ബി 5-19701/2013/മീറ്റിംഗ്/ഡി.ഐ.എം.എസ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

**തീയതി: 09.10.2017**

പ്രേഷിത

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

**സ്വീകർത്താവ്**

1. **റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/
ഉത്തര മേഖല, കോഴിക്കോട്**

2. **ഡെപ്യൂട്ടി ഡയറക്ടർ(ഹോമിയോ/ആയുർവ്വേദം)
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം**

3. **സൂപ്രണ്ട്,
ഇ.എസ്.ഐ ഹോസ്പിറ്റൽ,**

   ..........................................................................

4. **ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
ഇ.എസ്.ഐ ഡിസ്പെൻസറി,**

   ..........................................................................

സർ,

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - അവലോകനയോഗ നടപടി ചുരുക്കം അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന :- 27.09.2017-ൽ നടന്ന അവലോകന യോഗ നടപടി ചുരുക്കം.

-------------

**27.09.2017**-ൽ ഈ ഓഫീസിൽ വച്ച് നടന്ന അവലോകന യോഗത്തിന്റെ മിനിട്ട്സ് തുടർനടപടികൾക്കായി അയയ്ക്കുന്നു. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് www.ims.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണെന്ന വിവരം താങ്കളുടെ അധീനതയിലുള്ള എല്ലാ സ്ഥാപന മേധാവികളേയും അറിയിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ,**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി-9.10.17

## 27.09.2017-ൽ നടന്ന ദ്വൈമാസ അവലോകനയോഗത്തിന്റെ നടപടി ചുരുക്കം

27.09.2017-ൽ രാവിലെ 10.45-ന് യോഗം ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

22.09.2017 & 23.09.2017-ൽ ഇ.എസ്.ഐ കോർപ്പറേഷന്റെ ബാംഗ്ലൂരിൽ വച്ച് ചേർന്ന യോഗത്തിൽ കേരളത്തിലെ ഇ.എസ്.ഐ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ വിശകലനത്തിൽ ചികിത്സാരംഗത്ത് കേരളം താഴ്ന്ന നിലവാരം പുലർത്തുന്നു എന്ന അഭിപ്രായമായിരുന്നുവെന്ന് വകുപ്പദ്ധ്യക്ഷ എല്ലാ മെഡിക്കലാഫീസർമാരേയും അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവനക്കാർ കൂടുതൽ സേവനം ചെയ്യുന്നതും, ചെലവുകൾ കൂടുതൽ ആകുന്നതും കേരളത്തിലാണെങ്കിലും, അതിന് മാത്രം യാതൊരു മികവും ഒരു സ്ഥാപനങ്ങളും കാഴ്ചവയ്ക്കുന്നില്ല എന്ന് ഡയറക്ടർ ജനറൽ തലത്തിൽ നടന്ന യോഗത്തിൽ ചൂണ്ടിക്കാട്ടിയ വിവരവും വകുപ്പദ്ധ്യക്ഷ ഡോ.അജിത നായർ.ആർ എല്ലാവരെയും അറിയിച്ചു. ഇത്തരത്തിൽ ആണ് ഇ.എസ്.ഐ സ്ഥാപനങ്ങൾ സേവനം കാഴ്ചവയ്ക്കുന്നതെങ്കിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് എന്ന വകുപ്പിന്റെ അവസ്ഥ വളരെ പരിതാപകരമാകും എന്നും മുന്നറിയിപ്പ് നൽകി. ഈ സാഹചര്യത്തിൽ എല്ലാ സ്ഥാപനമേധാവികളും നിലവിലുള്ള സൗകര്യത്തിൽ മികവുറ്റ സേവനങ്ങൾ എല്ലാ ഇ.എസ്.ഐ ഉപഭോക്താക്കൾക്കും നൽകേണ്ടതാണെന്നും അറിയിച്ചു.

Reasonable medical care, Emergency specialty/Superspecialty, Planned procedures എന്നിവ ഇ.എസ്.ഐ ഉപഭോക്താക്കൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും നൽകുന്നതുമായി ബന്ധപ്പെട്ട് criteria തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റുമാരുടെ നേതൃത്വത്തിൽ സമഗ്രമായ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ഒരു പ്രൊപ്പോസൽ നൽകാൻ അവലോകന യോഗം തീരുമാനിക്കുകയും ചെയ്തു.

### യോഗം ചർച്ച ചെയ്ത മറ്റു വിഷയങ്ങൾ

(1) ഓൺലൈൻ സംവിധാനം ലഭ്യമല്ലാത്ത സ്ഥാപനങ്ങൾ ഇ.എസ്.ഐ ഉപഭോക്താക്കളുടെ എലിജിബിലിറ്റി പരിശോധിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ IP portal നിന്നും contribution details-ന്റെ printout കൊണ്ടുവരാൻ ഐ.പിയോട് ആവശ്യപ്പെടാവൂ.

(2) റൂൾ 60-61 പ്രകാരം രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾ കുടൂതൽ ഉള്ളത് കൊല്ലം ജില്ലയിലാണ് എന്ന് അറിയുന്ന സാഹചര്യത്തിൽ ഇതിന് ഒരു കൃത്യത വരുത്തുന്നതിനായി statistical report-ന്റെ statement- നൊപ്പം ഒക്ടോബർ 2017 മുതൽ റൂൾ 60-61 പ്രകാരം ചികിത്സ നേടിവരുടെയും/മരുന്നു വാങ്ങിയവരുടെയും വിവരം അറിയിക്കേണ്ടതാണ്. **(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല )**

(3) 01.10.2017 മുതൽ empanelled centres-ലേയ്ക്കുള്ള super specialty reference online മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ empanelled centres-ലേയ്ക്ക് ആശുപത്രി അധികൃതർ online സംവിധാനം നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ ആ വിവരം സീനിയർ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ നേരിട്ട് അറിയിക്കേണ്ടതാണ്.

(4) ദ്വൈമാസ അവലോകന മേധാവികൾ തുടർന്നു നടത്തുന്ന ജില്ലാതലയോഗത്തിൽ "Slow moving drugs"-ന്റെ വിവരങ്ങൾ ശേഖരിച്ച് അവ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(5) ഇ.എസ്.ഐ ഉപഭോക്താക്കൾ ചെലവാക്കിയ way bills reimbursement-നായി ലഭിച്ചിട്ടുണ്ടെങ്കിൽ, സ്റ്റേറ്റ്മെന്റ് തയ്യാറാക്കി എത്ര തുക ആവശ്യമാണ് എന്ന് അറിഞ്ഞിരിക്കേണ്ടതും, അതാത് സ്ഥാപനങ്ങൾ പ്രൊസീഡിംഗ്സ് നൽകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതുമാണ്.

(6) ഉപയോഗയോഗ്യമല്ലാത്ത ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചറുകൾ, കട്ടിലുകൾ മറ്റു വസ്തുക്കൾ ഉപേക്ഷിക്കണമെന്നുണ്ടെങ്കിൽ ശുചിത്വമിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

(7) വകുപ്പിൽ നിന്നും നൽകിയിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കൈപ്പറ്റിയിട്ടുള്ള സ്ഥാപനങ്ങൽ സ്റ്റോക്ക് എൻട്രി നടത്തി ഇൻവോയ്സ് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. ഇൻവോയ്സ് ലഭിക്കാത്തവരുണ്ടെങ്കിൽ M/s. Halcyon Transmission Technologies, M/s. Ideal Systems എന്നീ കമ്പനികളുമായി ബന്ധപ്പെടേണ്ടതാണ്. വിശദാംശങ്ങൾ ഇ-മെയിൽ മുഖേന എല്ലാ സ്ഥാപനങ്ങളേയും അറിയിച്ചിട്ടുള്ളതാണ്.

(8) ആശുപത്രി വികസന സമിതിയിൽ റീജിയണൽ ബോർഡ് അംഗങ്ങളേയും, നാഷണൽ ബോർഡ് അംഗങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്. ആശുപത്രി വികസന സമിതിയിൽ എം.പിയുടെ പ്രതിനിധിയെയും ഉൾപ്പെടുത്തേണ്ടതിനാൽ അതാത് സ്ഥലത്തെ എം.പിയുമായി ചർച്ച ചെയ്ത് പ്രതിനിധി ആരാണോ, ടിയാന്റെ പേരു വിവരം സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനായി ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്.

**(നടപടി - എല്ലാ ആശുപത്രി സൂപ്രണ്ടുമാരും)**

(9) 01.04.2017 മുതൽ 31.09.2017 വരെ പ്ലാൻ ഫണ്ടിൽ ചെലവാക്കിയ തുകയുടെ വിവരം താഴെകൊടുക്കുന്ന പ്രൊഫോർമയിൽ ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്.

**Name of Institution :-**

| Sl. No. | Name of Item | Head of account (Amount in Rs.) | Total | Date of encashment |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

**(നടപടി - എല്ലാ ആശുപത്രി സൂപ്രണ്ടുമാരും)**

(10) ഐ.പികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ മാറുന്ന തുകയുടെ പരിധി സർക്കാർ അനുമതിക്കു വിധേയമായി താഴെ കൊടുക്കുന്ന പ്രകാരം ഉയർത്തുവാൻ യോഗം തീരുമാനിച്ചു.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ - 6000 രൂപ വരെ
ഡെപ്യൂട്ടി ഡയറക്ടർ (ആയുർവ്വേദം)/(ഹോമിയോ) - 3001 രൂപയ്ക്ക് മുകളിൽ
ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ - 3000 രൂപ വരെ
Medicine local purchase ചെയ്യുന്നതിനുള്ള പരിധി -

സൂപ്രണ്ടുമാർ
without Store Purchase Rule - 10000 രൂപ വരെ
with Store Purchase Rule - 15000 രൂപ വരെ

സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി മേൽ പരാമർശിച്ച പ്രകാരം പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയയ്ക്കുന്നതാണ്. സർക്കാരിന്റെ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മേൽ രേഖപ്പെടുത്തിയ പരിധി പ്രാബല്യത്തിൽ വരുകയുള്ളൂ. **(നടപടി - ബി 2 സെക്ഷൻ)**

(11) ആശുപത്രികളിൽ എക്സ്റേ പർച്ചേയ്സ് ചെയ്തതിന്റെയും, Lab reagents നൽകിയതിന്റെയും, bush clearance നടത്തിയതിന്റെയും payment നടത്താൻ കഴിഞ്ഞിട്ടില്ല എന്ന് എല്ലാ ആശുപത്രി സൂപ്രണ്ടുമാരും അറിയിച്ചു. വ്യക്തമായ രേഖകൾ ലഭ്യമാണെങ്കിൽ പ്രസ്തുത തുക എത്രയും വേഗം അനുവദിച്ചു നൽകേണ്ടതാണ്. **(നടപടി - എഫ് 3/എഫ് 4 സെക്ഷൻ)**

(12) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്യുന്ന ജീവനക്കാർക്ക് കാഷ്വൽ ലീവ്, പി.എസ്.സി മുഖേന സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് അതേ രീതിയിൽ ലഭിക്കുന്നതാണ്.

(13) പുതിയ മെഡിക്കൽ ഓഫീസർമാർ ഡിസ്പെൻസറിയിൽ ചുമതല ഏല്ക്കുമ്പോൾ മുൻ മെഡിക്കൽ ഓഫീസറിൽ നിന്നും തീരുമാനമെടുക്കാതെ കിടക്കുന്ന എല്ലാ ഫയലുകളുടെ ലിസ്റ്റും പെൻഡിംഗ് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ വിവരവും രേഖാമൂലം എഴുതി വാങ്ങേണ്ടതും, പെൻഡിംഗ് മെഡിക്കൽ റീഇംബേഴ്സ്മെന്റിന്റെ വിവരം ജോയിനിംഗ് റിപ്പോർട്ട് അയയ്ക്കുന്നതോടൊപ്പം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**(നടപടി - എല്ലാ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും)**

(14) ജോലിയിൽ കൃത്യനിഷ്ഠ പാലിക്കാതിരിക്കുകയും മറ്റ് കുറ്റകരമായ പ്രവൃത്തിയിൽ ഏർപ്പെടുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ഇതിനായി ചട്ടപ്രകാരം ശരിയായ വിവരങ്ങൾ ഉൾപ്പെടുത്തിയ കുറ്റാരോപണ മെമ്മോകൾ തയ്യാറാക്കേണ്ടതുണ്ട്. ഇത്തരം ജീവനക്കാരുടെ മുൻകാല പ്രവൃത്തികൾ കൂടി കുറ്റാരോപണ മെമ്മോയിൽ ഉൾപ്പെടുത്താൻ വേണ്ടി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററിൽ ആരോപിതനാകുന്ന ജീവനക്കാരന്റെ വിവരങ്ങൾ എഴുതുവാൻ പ്രത്യേക പേജ് നീക്കി വയ്ക്കേണ്ടതും ഈ പേജിൽ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ ഉണ്ടായിട്ടുള്ള നടപടികൾ ക്രമത്തിൽ എഴുതി വയ്ക്കേണ്ടതുമാണ്. കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടാൽ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് തലത്തിൽ നടപടി ആരംഭിക്കേണ്ടതും എടുക്കുന്ന നടപടികളുടെ വിവരങ്ങൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ യഥാസമയം ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്മാർക്ക് അറിയിക്കേണ്ടതുമാണ്. പരിവീക്ഷാകാലം പൂർത്തിയാക്കാനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഈ രജിസ്റ്ററിലെ വിവരങ്ങൾ കൂടി പരിശോധിച്ച ശേഷം നടപടിയെടുക്കേണ്ടതാണ്. പ്രമോഷൻ/സ്ഥലംമാറ്റം എന്നിവ പരിഗണിക്കുമ്പോഴും ഈ രജിസ്റ്ററിലെ വിവരങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

യോഗം 2.15-ന് അവസാനിച്ചു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി – 6.10.17

**27.09.2017-ൽ ചേർന്ന ദ്വൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1. | Dr.Latha Sahadevan, Deputy Director (Ayurveda) | O/o Deputy Director, IMS |
| 2. | Dr.Ajitha. T.P, Deputy Director (Homoeo) | O/o Deputy Director, IMS |
| 3. | Dr.Chandramathy Karunakaran.A, Superintendent | ESI Hospital, Ernakulam |
| 4. | Dr.A.Rani Prasad, Gynaecologist | ESI Hospital, Ernakulam |
| 5. | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |
| 6. | Dr.Neaza.A, Physician | ESI Hospital, Peroorkada |
| 7. | Dr.Dileep.S.M, Anesthesiologist | ESI Hospital, Palakkad |
| 8. | Dr. Mini Grace, Insurance Medical Officer (i/c) | ESI Dispensary, Pattathanam |
| 9. | Dr.Seninamma John | ESI Dispensary, Kottarakkara |
| 10. | Dr.Suresh.P.M | ESI Hospital/Dispensary, Peroorkada |
| 11. | Dr.Leji.K.V | ESI Hospital, Vadavathur |
| 12. | Dr.Mohamed Riaz.K.M, RMO | ESI Hospital, Alappuzha |
| 13. | Dr.Arunkumar.T, RMO | ESI(CD) Hospital, Mulamkunnathukavu |
| 14. | Dr. K.K.Radhakrishnan Superintendent | ESI Hospital, Olarikkara |
| 15. | Dr.N.K.Rajan, Superintendent | ESI Hospital, Feroke |
| 16. | Dr.Omana.V.K, Superintendent (in-charge) | ESI Hospital, Thottada |
| 17. | Dr.Premakumari, Regional Deputy Director (NZ) | Kozhikode |
| 18. | Dr.Anitha.D, Regional Deputy Director (CZ) | Ernakulam |
| 19. | Dr.A.A.Sheela, Regional Deputy Director (SZ) | Kollam |
| 20. | Dr.Kumari Letha, Superintendent | ESI Hospital, Vadavathur, Kottayam |

| | | |
|---|---|---|
| 21. | Radha.T, Lay Secretary & Treasurer | ESI Hospital, Peroorkada |
| 22. | Jose.K.Biju, Senior Superintendent | O/o. Regional Deputy Director, (CZ) Ernakulam |
| 23. | S.Ajitha, Senior Superintendent | Directorate of Insurance Medical Services |
| 24. | Sasikumar.P, Senior Superintendent | RDD, IMS (SZ) Kollam |
| 25. | A.Karnnan, Junior Superintendent | Directorate of Insurance Medical Services |
| 26. | Saramma Florance, Junior Superintendent | ESI Hospital, Ernakulam |
| 27. | Mohamed Kutty.A, Junior Superintendent | ESI Hospital, Feroke |
| 28. | Anto John, Junior Superintendent | ESI Hospital, Olarikkara |
| 29. | Joy Antony.P, Junior Superintendent | ESI Hospital, Alappuzha |
| 30. | Lussamma Sebastian, Junior Superintendent | Directorate of Insurance Medical Services |
| 31. | Harrison D Perera, Junior Superintendent | Directorate of Insurance Medical Services |
| 32. | Beena Kumari.G, Junior Superintendent | ESI Hospital, Vadavathoor |
| 33. | Anilkumar.K, Head Clerk | O/o. Regional Deputy Director (NZ) |
| 34. | M.Prathapkumar, Head Clerk | ESI Dispensary, Pattathanam |
| 35. | C.V.Usha, Store Keeper | Directorate of Insurance Medical Services |
| 36. | S.Prakash, Senior Clerk | Directorate of Insurance Medical Services |
| 37. | Beena.P, Senior Clerk | Directorate of Insurance Medical Services |
| 38. | Vijitha.R.V, Senior Clerk | Directorate of Insurance Medical Services |
| 39. | Suni.S, Clerk | Directorate of Insurance Medical Services |
| 40. | Prasanth.K. Clerk | ESI Hospital, Palakkad |
| 41. | Jineesh Ali.M, Clerk | Directorate of Insurance Medical Services |

**Director of Insurance Medical Services**

Skv-9.10.17